ജലസേചന പദ്ധതികൾക്ക് ബഡ്ജറ്റിൽ വകയിരുത്തിയ തുക വകമാറ്റി ചെലവഴിച്ച നടപടി

*11 [878] ശ്രീ. മത്തായി ചാക്കോ:
,, പി. ജയരാജൻ:
,, വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിർമ്മാണത്തിലിരിക്കുന്ന ജലസേചന പദ്ധതികളുടെ പുരോഗതി കാലാകാലങ്ങളിൽ വിലയിരുത്താറുണ്ടോ;

(ബി) പുരോഗതി വിലയിരുത്താനുള്ള പദ്ധതിതല സമിതി നടപ്പുവർഷം എത്ര തവണ ചേരുകയുണ്ടായി;

(സി) പ്രോജക്ടുതല സമിതിയുടെ ഏറ്റവും ഒടുവിലത്തെ അവലോകന റിപ്പോർട്ട് മേശപ്പുറത്ത് വയ്ക്കാമോ;

(ഡി) മുൻവർഷം ജലസേചന പദ്ധതികൾക്ക് ബഡ്ജറ്റിൽ വകയിരുത്തിയ തുകയിൽ ഏതെങ്കിലും വകമാറ്റി ചെലവഴിക്കുകയുണ്ടായോ; എങ്കിൽ ഏതെല്ലാം പദ്ധതികളുടെ എത്രമാത്രം തുക മറ്റ് ഏതെല്ലാം പദ്ധതികൾക്കായി വകമാറ്റി ചെലവഴിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ഇ) തന്നാണ്ടിലെ ബഡ്ജറ്റിൽ ജലസേചന പദ്ധതികൾക്ക് വകയിരുത്തിയ തുകയിൽ ഇതിനകം എത്ര ശതമാനം ചെലവഴിക്കുകയുണ്ടായിയെന്ന് വ്യക്തമാക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ) ഉണ്ട്.

(ബി) നിർമ്മാണത്തിലിരിക്കുന്ന ജലസേചന പദ്ധതികളുടെ പുരോഗതി വിലയിരുത്താൻ പദ്ധതിതല സമിതികൾ രൂപീകരിച്ചിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഇല്ല.

(ഇ) പ്രോജക്ട് I—ചീഫ് എഞ്ചിനീയറുടെ കീഴിലുള്ള പദ്ധതികൾക്ക് വകയിരുത്തിയ തുകയുടെ 9.45% ചിലവായിട്ടുണ്ട്. പ്രോജക്ട് II—ചീഫ് എഞ്ചിനീയറുടെ കീഴിലുള്ള പദ്ധതികൾക്ക് അനുവദിച്ച തുകയുടെ 10%-ത്തോളം ചിലവായിട്ടുണ്ട്. കല്ലട ജലസേചന പദ്ധതിക്ക് ബഡ്ജറ്റിൽ പ്രത്യേകമായി തുക വകയിരുത്തിയിട്ടില്ല. 'വൈന്റിംഗ് അപ് പ്രോജക്ട്' എന്ന ശീർഷകത്തിൽ ഈ പദ്ധതി ഉൾപ്പെടെ 3 പദ്ധതികൾക്കുവേണ്ടി 14 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം നാളിതുവരെ 1.89 കോടി രൂപ ചിലവായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly